# ദൈവപക്ഷവിചാരം കുലീനതയാണ്

ഡോ.തോമസ് പാറയ്ക്കൽ

## മംഗളവാർത്തക്കാലം നാലാംഞായർ, മത്താ 1:18-24

ക്രിസ്മസിനോടും പുല്ക്കൂടിനോടും ഏറ്റവും അടുക്കുന്ന നാളുകളിൽ പരിശുദ്ധകന്യകയിൽനിന്നുള്ള ഈശോയുടെ ജനനവൃത്താന്തം വി. യൗസേപ്പിനോടു ചേർത്തുനിർത്തി ധ്യാനവിഷയമാക്കുകയാണ് ഇന്ന്. വംശാവലിവിവരണത്തിൽ അബ്രാഹം മുതൽ യൗസേപ്പുവരെയുള്ളവരെ അവരുടെ പിതാക്കന്മാർ ജനിപ്പിക്കുന്നു എന്ന ക്രമം ദീക്ഷിക്കുമ്പോൾ യൗസേപ്പിന്റെ ഭാര്യയായിരുന്നവളിൽനിന്ന് ഈശോ ജനിക്കുന്നു. തുടർന്ന് ഈശോയുടെ ജനനത്തിന്റെ വിവരണവും ഭാഷ്യവും നിർവഹിക്കുന്നു വി.മത്തായി.

മിറയവും യൗസേപ്പും വിവാഹനിശ്ചയം കഴിഞ്ഞിരിക്കേ അവർ സഹവസിക്കുംമുമ്പേ അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. കാഴ്ചകളെ അവിശ്വസിക്കാനാവില്ല. അതിനാൽ മറിയത്തെ അപമാനിക്കാതെ രഹസ്യമായി ഉപേക്ഷിക്കാനുള്ള തീരുമാനത്തിലെത്തുകയാണ് യൗസേപ്പ്. പ്രതിശ്രുതവധുവായ മറിയത്തോടുള്ള സമീപനത്തിന്റെ നീതിപാതകൾ വിചാരവിധേയമാകേണ്ടതാണ് ജീവിതങ്ങളിൽ. നീതിപാതകളിൽ മാത്രം ചരിക്കാനാഗ്രഹിക്കുന്ന ജീവിതത്തിന്റെ കൊടിയടയാളങ്ങളാണവ. യൗസേപ്പ് വിചാരങ്ങളുടെ മനുഷ്യനായിരുന്നു. പ്രതിശ്രുതവധു സഹവസിക്കുന്നതിനുമുമ്പ് ഗർഭിണിയായിരിക്കുന്നുവെന്ന വികാരപരതയുള്ള പ്രശ്നത്തെ യാണ് യൗസേപ്പ് അഭിമുഖീകരിക്കുന്നത്. പ്രശ്നങ്ങളിലെല്ലാം എല്ലാവരുടെയും വിചാരങ്ങളാരംഭിക്കുന്നത് തന്നോടുതന്നെ ചേർത്തുനിറുത്തിയാണ്. തന്നോടു ചേരുമ്പോഴേ പ്രശ്നം തനിക്കു പ്രശ്നമാകുന്നുള്ളൂ. പ്രശ്നങ്ങളാകുന്ന ഊരാക്കുടുക്കിൽനിന്ന് സ്വയം രക്ഷിക്കാനുള്ള ശ്രമങ്ങളാണ് ചിന്തയുടെ പാച്ചിലുകളെല്ലാം. പ്രശ്നസാന്നിദ്ധ്യത്തിൽ വിചാരങ്ങളുടെ മുന്തിയ കൂട്ടം സ്വപക്ഷവിചാരങ്ങൾതന്നെ. തന്റെ പക്ഷത്തുനിന്നുകൊണ്ട് പ്രശ്നത്തെ കാണുന്നു; വിലയിരുത്തുന്നു. തനിക്ക് ഏറ്റവും പരിമിതമായ പ്രതിസന്ധികൾ മാത്രമേ സംഭവിക്കാവൂ എന്ന വിധം കാര്യങ്ങൾ ക്രമീകരിക്കുന്ന ഗതിയാണ് സ്വപക്ഷവിചാരം. എന്നെത്തന്നെ സുരക്ഷിതമാക്കുന്ന വിചാരങ്ങൾ. യൗസേപ്പ് എത്തിയ നിഗമനം രഹസ്യമായി മറിയത്തെ ഉപേക്ഷിക്കാനാണ്. വിചാരങ്ങളുടെ മനുഷ്യനായ ജോസഫ് പ്രതിപക്ഷവിചാരവും നടത്തി. പ്രതിപക്ഷവിചാരമുണ്ടാകണമെങ്കിൽ വ്യക്തി നീതിവഴികൾ പരിചയിച്ചവനായിരിക്കണം. പ്രശ്നകാരിയെന്നു മുദ്രകുത്തപ്പെട്ട വ്യക്തിയുടെ

പക്ഷത്തുനിന്നുള്ള ചിന്തകൾക്കാണ് ഇവിടെ പ്രാധാന്യം. ഭാര്യ ഗർഭിണിയാണെങ്കിൽ അവൾ അവിശ്വസ്ത കാട്ടി എന്ന് നിശ്ചയം യൗസേപ്പിന്. ഞാൻ അവളെ നിയമത്തിന്റെ മുമ്പിൽ കയ്യാളിച്ചാൽ കല്ലെറിഞ്ഞു കൊന്നുകളയാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ തനിക്കും മറിയത്തിനും ഒന്നുപോലെ ജീവനെങ്കിലും തുടരാനുള്ള മാർഗ്ഗം അവളെ ഉപേക്ഷിക്കുന്നതു തന്നെ. നമ്മുടെ നാളുകളിൽ വ്യക്തിജീവിതപ്രശ്നങ്ങളെയും സാമൂഹികപ്രശ്നങ്ങളെയും വിചാരിപ്പിനു വിധേയമാക്കുന്നുണ്ട്. ഇരുപക്ഷത്തിന്റേയും തീവ്രമായ വാദമുഖങ്ങൾ തലങ്ങും വിലങ്ങും പായുന്നുണ്ട് മാദ്ധ്യമങ്ങളിലൂടെ. എന്നാൽ പ്രശ്നങ്ങളിൽ കുടുങ്ങിയവർ ഒരു പ്രശ്നത്തെയും മറുപക്ഷത്തുനിന്ന് കാണാനുള്ള ആർജ്ജവത്വം ഒരിക്കലും കാട്ടുന്നില്ല. അങ്ങനെയൊരു സാദ്ധ്യതയെക്കുറിച്ച്, ചിന്തിക്കാനാകുംവിധം നീതിപാതകൾ ഇന്നത്തെ സമൂഹത്തിനു കൈമോശം വന്നിരിക്കുന്നു. പ്രശ്നത്തെ അഭിമുഖീകരിക്കുന്നവൻ പ്രതിപക്ഷവികാരങ്ങളെ വൈകാരികതയിൽ മാത്രം കാണുന്നു. പ്രതിപക്ഷ സമീപനങ്ങളെ സംയമനത്തിന്റെ വഴിയിൽ ദർശിക്കുന്നില്ല. പരപക്ഷം തീർത്തും അവഗണിക്കപ്പെടുന്നു നമ്മുടെ നിനവുകളിൽ. മാത്രമല്ല ജീവിതരംഗങ്ങളിൽ ഇരകളെ സൃഷ്ടിച്ച് അവരുടെ നിലയെ അവകാശപ്പെടുത്തുവാനുള്ള അത്യുത്സാഹവും സമൂഹം കൈക്കൊള്ളുന്നു. കാരണം ജനം നീതിയെക്കാൾ അനീതിയെ പ്രതിഷ്ഠിക്കാൻ വ്യഗ്രതപ്പെടുന്നു. ജോസഫ് ദൈവപക്ഷവിചാരങ്ങളുടെയും മനുഷ്യനാണ്. എത്തിച്ചേർന്ന നിഗമനങ്ങൾക്കപ്പുറത്തേക്കു ചരിക്കാനുള്ള സാദ്ധ്യത തുറക്കപ്പെടുന്നത് ദൈവപക്ഷവിചാരത്തിലാണ്. ദൈവപക്ഷവിചാരത്തിലെ വേദികൾ ജോസഫിനായി തുറന്നു കിട്ടുന്നത് സ്വപ്നത്തിലാണ്, പൂർവ്വപിതാവായ യൗസേപ്പിനെന്നപ്പോലെ. പൂർവ്വ യൗസേപ്പും പുതിയനിയമ യൗസേപ്പിനെപ്പോലെ യാക്കോബിന്റെ മകനാണ്; അവനും സ്വപ്നദർശിയും സ്വപ്നവ്യാഖ്യാതാവുമാണ്. മറിയം ഗർഭിണിയായത് പരിശുദ്ധാത്മാവിൽനിന്നാണെന്ന അറിവ് ദൈവപക്ഷവിചാരത്തിന്റേതാണ്. ജനത്തെ പാപങ്ങളിൽനിന്ന് മോചിപ്പിക്കാനുള്ളവനാണവൻ എന്നു ഗ്രഹിക്കുമ്പോൾ ദൈവപക്ഷത്തിനനുകൂലമായ തീരുമാനത്തിലേക്കു ചുവടുറപ്പിക്കാനുള്ള ആർജ്ജവത്വവും യൗസേപ്പിനുണ്ട്. നമ്മുടെ കാലത്തിനു ദൈവപക്ഷവിചാരങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽത്തന്നെ ഏതു ദൈവപക്ഷവിചാരം? ഞാൻ തന്നെ സൃഷ്ടിച്ചു വച്ചിരിക്കുന്ന തനതുദൈവമല്ലേ നമുക്കായി വിചാരിപ്പു നടത്തുന്നത്? ‘‘ഇന്നത്തെ ആത്മീയതയുടെ വലിയ തെറ്റ് ദൈവവഴികളിൽ സുരക്ഷിതത്വം മാത്രമേയുള്ളൂ എന്ന കാഴ്ചപ്പാടാണ്.’’(ഫ്രാൻസിസ് പാപ്പ). അരക്ഷിതത്വത്തിന്റെ വഴികളും ദൈവവഴികളാണ്. അരക്ഷിതവഴികളിലാണു ദൈവം ചരിക്കുന്നത്; ദൈവികമനുഷ്യരും. അവിടെ എത്തണമെങ്കിൽ ജോസഫിനെപ്പോലെ ദൈവപക്ഷവിചാരത്തിന് ഊന്നലുണ്ടാകണം ജീവിതത്തിൽ. ദൈവപക്ഷവിചാരം മാത്രമാണ് ജീവിതത്തിന്റെ ഊന്ന്.ദൈവപക്ഷ വിചാരകൻ

ഉറക്കത്തിലമരുന്നില്ല. ഉണർവ്വിൽ നിലനിൽക്കുന്നു. വിചാരരഹിതമായ ഉറക്കത്തിന്റെയും ആലസ്യത്തിന്റെയും ജീവിതംകൊണ്ട് ആരാണ് ചരിതം കുറിച്ചിട്ടുള്ളത്? യൗസേപ്പിന്റെ ജീവിതം നിത്യമായ ഉണർവ്വിന്റേതായിരുന്നു. തന്നോടു ചേർക്കപ്പെട്ടിരിക്കുന്നവരുടെ അഭ്യുദയത്തിനുവേണ്ടിയുള്ള ഉണർവ് . ഉറക്കവും വിശ്രമവും അകറ്റിനിറുത്തിയ ഉണർവ്വ്. ദൈവപക്ഷവിചാരകരുടെ ഉണർവ്വും ഉന്മേഷവും നമ്മുടെ കാലത്തിനുണ്ടോ? നമുക്കുണ്ടോ? നിനവുകളിലും വിചാരങ്ങളിലും ദൈവകരങ്ങളുടെ വിളയാട്ടത്തിനവസരം കൊടുക്കുന്നിടത്താണ് നീതിനിഷ്ഠരായ കാരുണ്യമൂർത്തികൾ ജനിക്കുന്നത്. കരുണ കുലീനതയാണ്; ആത്മാവിന്റെ കുലീനതയാണ് കരുണ. കരുണ കാണിക്കുക ദൈവപക്ഷവിചാരത്തോടെ. യൗസേപ്പ് കരുണയുടെ കുലീനതയാണ്. കരുണയെ കുലീനതയാക്കാം. കുലീനതയെ കരുണയാക്കാം.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ദൈവികപദ്ധതികളോടുള്ള അനുസരണം

ഫാ. ജോർജ് ദാനവേലിൽ

നക്ഷത്രവിളക്കുകളുടെ ശോഭയാൽ വീടുകളും കടകമ്പോളങ്ങളും കമനീയമായി അലങ്കരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മനോഹരമായ ക്രിസ്തുമസ് കാർഡുകൾ അയച്ച്, തങ്ങളുടെ പ്രിയപ്പെട്ടവർക്കു ക്രിസ്തുമസ് സന്ദേശവും ആശംസയും കൈമാറുന്ന തിരക്കിലാണിപ്പോൾ പലരും. എല്ലാ മനസ്സുകളിലും സന്തോഷവും ആനന്ദവും വിതച്ചുകൊണ്ടു ക്രിസ്തുമസ്സ് ആഗതമാവുകയാണ്. സന്തോഷത്തിന്റെയും ആനന്ദത്തിന്റെയുമായ ഈ സന്ദർഭത്തിനു യോജിച്ച വിശുദ്ധ ഗ്രന്ഥഭാഗങ്ങളാണു സഭ ഇന്നു വിചിന്തനത്തിനായി നല്കിയിരിക്കുക.

ഇന്നത്തെ ഒന്നാമത്തെ വായനയിൽ, ഉല്പ 24:50-67 -ൽ നാം കാണുക, ഇസഹാക്കിന്റെ ജീവിതത്തിലേക്കു കടന്നുവരുന്ന റബേക്കാ, സാറായുടെ മരണം മൂലം ആ കുടുംബത്തിൽ ഉളവായ ദുഃഖവും ഏകാന്തതയുമൊക്കെ അവസാനിപ്പിച്ച് ആ കുടുംബത്തെ മംഗളകരമാക്കുന്നതാണ്. വന്ധ്യയായിരുന്ന ഹന്നായുടെ ദുഃഖപൂരിതമായ ജീവിതത്തിൽ മംഗളവാർത്തയുമായി ഒരു പുത്രനെ നല്കി അനുഗ്രഹിക്കുന്ന ദൈവത്തെയാണു രണ്ടാമത്തെ വായനയിൽ (1 സാമു. 1: 1-2, 9-20) കാണുന്നത്. ദൈവത്തിനു കൃതജ്ഞത അർപ്പിക്കുന്നവരും പരസ്പരം

ബഹുമാനിക്കുന്നവരുമായ ഒരു സ്നേഹസമൂഹമായിരുന്നുകൊണ്ടു ജീവിതം സന്തോഷപ്രദമാക്കുവാനുള്ള ആഹ്വാനമാണു പൗലോസ്ശ്ലീഹാ തന്റെ ലേഖനത്തിലൂടെ നല്കുക (എഫേ.5:5-21). ഇന്നത്തെ സുവിശേഷം വിവരിക്കുന്നത് മനുഷ്യമക്കൾക്കു സദ്വാർത്തയുമായി കടന്നുവരുന്ന മഹത്വ്യക്തികളെക്കുറിച്ചാണ്. ഏറ്റവും അഗ്രാഹ്യവും മാനുഷികചിന്തകൾക്കും നിരക്കാത്തതുമായ ദൗത്യമേറ്റെടുക്കാൻ നിയോഗിക്കപ്പെട്ടവരായിരുന്നു വി. യൗസേപ്പും പരി. മറിയവും. സുവിശേഷത്തിൽ നാം വായിക്കുക ജോസഫും മറിയവും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു (മത്താ. 1:18) എന്നാണ്.

യഹൂദരുടെ ആചാരമനുസരിച്ച്, വിവാഹത്തിനു മൂന്നു ഘട്ടങ്ങളുണ്ടായിരുന്നു. ഒന്നാമത്തെ ഘട്ടം വിവാഹനിശ്ചയമായിരുന്നു. ഇതു മക്കൾ കുട്ടികളായിരിക്കുമ്പോൾത്തന്നെ അവരുടെ മാതാപിതാക്കൾ അവർക്കായി നടത്തുന്നതാണ്. രണ്ടാമത്തെ ഘട്ടമാണ്, മനസമ്മതം. മക്കൾ ചെറുപ്രായമായിരുന്നപ്പോൾ തീരുമാനിച്ച നിശ്ചയം, മനസമ്മതത്തിനുമുമ്പ് അസാധുവാക്കാൻ സാധിക്കുമായിരുന്നു. എന്നാൽ മനസമ്മതം കഴിയുന്നതോടെ ഭാര്യാഭർത്താക്കന്മാരുടെ അവകാശങ്ങൾ ഇല്ലെങ്കിലും ഭാര്യാഭർത്താക്കന്മാരായിട്ടാണു വധൂവരന്മാർ അറിയപ്പെടുക. ഒരു വർഷ കാലാവധിയുള്ള മനസമ്മതത്തിന്റെ അവസാനമാണ്, വിവാഹാഘോഷത്തിലെ മൂന്നാമത്തെ ഘട്ടമായ വിവാഹ കർമ്മം നടക്കുക. ഈ ആചാരമനുസരിച്ചു ജോസഫുമായി മനസമ്മതം നടത്തിയിരുന്ന മറിയമാണ് ഗർഭിണിയായി കാണപ്പെട്ടത്. യഹൂദനിയമമനുസരിച്ചു കല്ലെറിഞ്ഞു കൊല്ലാവുന്ന കുറ്റമായിരുന്നു മറിയത്തിന്റേത്. (നിയമ.22:23-24)

താൻ വഞ്ചിക്കപ്പെട്ടു എന്നറിഞ്ഞിട്ടും പരസ്യമായി മറിയത്തെ ഉപേക്ഷിക്കാൻ നിയമപരമായി യൗസേപ്പിന് അവകാശമുണ്ടായിരുന്നിട്ടും മറിയത്തിന് ഉപദ്രവകരമായ രീതിയിൽ നിയമം നടപ്പാക്കാൻ യൗസേപ്പ് ആഗ്രഹിച്ചില്ല. അദ്ദേഹം നീതിമാനാകയാലും അവളെ അപമാനിക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ അദ്ദേഹം തീരുമാനിച്ചു(1:19). ഫ്രീശരുടെയും നിയമജ്ഞരുടെയും നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ധാർമ്മികതയെക്കാൾ ഉയർന്ന നിലവാരത്തിലുള്ള സ്നേഹത്തിലധിഷ്ഠമായ ധാർമ്മികതയാണ് യൗസേപ്പിൽ ഇവിടെ പ്രകടമാവുക. ഈ ഭാവമാണു നീതിമാൻ എന്ന വിശേഷണത്തിന് അദ്ദേഹത്തെ അർഹനാക്കുക. എല്ലാവരുടെയും നന്മ മാത്രം ആഗ്രഹിക്കുന്ന ഈ ധാർമ്മികഭാവമാണു മനുഷ്യനിൽനിന്നു ദൈവം പ്രതീക്ഷിക്കുന്നത്. ഫ്രീശരുടെയും നിയമജ്ഞരുടെയും നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള നീതിബോധത്തെ അതിജീവിക്കുന്ന നീതിബോധമാണു സ്വർഗ്ഗരാജ്യം അവകാശപ്പെടുത്താനുള്ള വ്യവസ്ഥയായി ഈശോ നിർദ്ദേശിച്ചത്. നമുക്കു നമ്മുടെ ജീവിതത്തെക്കുറിച്ചു ചിന്തിക്കാം. ഒരുവന്റെ പ്രവർത്തനങ്ങൾ തികച്ചും തെറ്റായിരിക്കാം. എങ്കിലും അവനെ പരസ്യമായി തേജോവധം ചെയ്ത് അന്യന്റെ സൽപേരിനെ അപകീർത്തിപ്പെടു

ത്തുന്ന മനോഭാവം നമ്മിലുണ്ടോ? യൗസേപ്പിനു ലഭിച്ചതുപോലെ നീതിമാൻ എന്ന വിശേഷണം നമുക്കും ആരെങ്കിലുമൊക്കെ തരുമോ? അതോ നിയമം മാത്രം അനുസരിച്ച് അതിൽ സംതൃപ്തി കണ്ടെത്തുന്നവരാണോ നാമൊക്കെ?

ദൈവികപദ്ധതികളെ മനസ്സിലാക്കാതിരുന്ന യൗസേപ്പ് മറിയത്തെ രഹസ്യമായി പരിത്യജിക്കുന്നതിനു തീരുമാനിക്കുന്നു. എന്നാൽ മംഗളവാർത്ത ശ്രവിച്ചതോടെ യൗസേപ്പ് തികച്ചും ഒരു പുതിയ മനുഷ്യനായി മാറുന്നു. ദൈവികസ്വരത്തിനുകാതോർക്കുവാനും സത്യം ഗ്രഹിക്കുവാനും ദൈവത്തിന്റെ പദ്ധതികൾക്കനുസരിച്ചു മുന്നോട്ടു നീങ്ങുന്നതിനു നമ്മെത്തന്നെ പൂർണ്ണമായും സമർപ്പിക്കാൻ വിധത്തിൽ ദൈവികപദ്ധതികളോടു വേണ്ടവിധം സഹകരിച്ചു പ്രവർത്തിക്കാൻ നമുക്കു സാധിക്കുന്നുണ്ടോ? ദൈവികദർശനത്തിലൂടെയല്ലെങ്കിലും ഉള്ളിന്റെയുള്ളിലെ മനഃസാക്ഷിയുടെ മന്ത്രണത്തിലൂടെ ലഭിക്കുന്ന ദൈവികാഹ്വാനം സ്വീകരിക്കാൻ നമുക്കു സാധിക്കുമോ? പ്രതിസന്ധിഘട്ടങ്ങളിലും മനസ്സിൽ മുഴങ്ങുന്ന ദൈവസ്വരത്തിനു കാതോർക്കുന്നവരാണോ നാം? ദൈവത്തിന്റെ ഇഷ്ടം ശിരസ്സാവഹിക്കുന്നുവെന്നു പറയുന്നവരും ദൈവഹിതത്തിനു വിപരീതമായി അണുവിടപോലും ചരിക്കുകയില്ലെന്നു വമ്പുപറയുന്നവരും തങ്ങളുടെ ആത്മാഭിമാനവും അസ്തിത്വവും ചോദ്യം ചെയ്യപ്പെടുമ്പോൾ തകർന്നുപോകുന്നതാണു നാം പലപ്പോഴും കാണുക. ഉപാധികളില്ലാതെ, ഭാവിയെക്കുറിച്ചുള്ള ആശങ്കകളോ സംശയങ്ങളോ പുലർത്താതെ സർവ്വശക്തനായ ദൈവത്തെ അനുസരിക്കുന്ന യൗസേപ്പ് നമുക്കും മാതൃകയാവണം.കൊച്ചു കുട്ടികളുടെ ദുഃശ്ശാഠ്യങ്ങൾക്കുപോലും പലപ്പോഴും വഴങ്ങിക്കൊടുക്കുന്ന അമ്മമാരെ നാം കാണാറുണ്ട്. അമ്മ ചിലപ്പോൾ കൊച്ചുകുട്ടികളെ മടിയിലിരുത്തി കുട്ടികളെപ്പോലെ അവരോടു സംസാരിക്കും. തന്റെ ഭാവാഭിനയങ്ങളിലൂടെ കുട്ടിയെപ്പോലെ ചിലപ്പോൾ പെരുമാറുകയും ചെയ്യും. ഇതിലൂടെയെല്ലാം അമ്മ കാണിക്കുക കുട്ടിയോളം താഴ്ന്നിറങ്ങി ചെല്ലാനുള്ള തന്റെ സന്നദ്ധതയാണ്. ഇതിന് അമ്മയെ പ്രേരിപ്പിക്കുക തന്റെ കുട്ടികളോടുള്ള മാതൃസ്നേഹമാണ്. ഈശോയുടെ മനുഷ്യാവതാരത്തിന്റെ മുഖ്യസന്ദേശം താദാത്മ്യപ്പെടലാണ്. ദൈവം നമ്മോടുകൂടെ 'ഇമ്മാനുവേൽ' ആയിരിക്കുന്നു. നെപ്പോളിയന്റെ യുദ്ധവിജയത്തിന്റെ രഹസ്യമായി എപ്പോഴും പറയുക തന്റെ യോദ്ധാക്കളോടുള്ള അദ്ദേഹത്തിന്റെ താദാത്മ്യപ്പെടലായിരുന്നു. പട്ടാളക്കാരുടെ ഇടയിൽ ഒരു സാധാരണ പട്ടാളക്കാരനെപ്പോലെ നെപ്പോളിയൻ കൂടാരമടിച്ചു വസിച്ചപ്പോൾ പട്ടാളക്കാർക്കു യുദ്ധം ചെയ്യാൻ ആവേശമായി. 'കരയാനറിയാത്ത ചിരിക്കാനറിയാത്ത ദൈവമല്ല' നമുക്കുള്ളത്. ദൈവത്തോടുള്ള തന്റെ സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ മനുഷ്യരൂപം സ്വീകരിക്കാൻ തയ്യാറായ ദൈവമാണു നമ്മുടേത്.

നമ്മുടെ വേദനയുടേയും ഏകാന്തതയുടെയും ബലഹീനതയുടെയും നിമിഷങ്ങളിലെല്ലാം നമ്മിൽ വസിച്ചു നമ്മെ ശക്തിപ്പെടുത്തി കൈപിടിച്ചു നടത്തുന്ന ദൈവമാണു നമുക്കു

ള്ളത്. നമ്മോടൊത്തു വസിക്കുന്ന ഈശോയെ തിരിച്ചറിയുക. അവന്റെ നിർദ്ദേശമനുസരിച്ചു ജീവിക്കാൻ തയ്യാറാവുക. നമ്മുടെ വാക്കിലൂടെയും പ്രവൃത്തിലൂടെയും ഈശോയെ മറ്റുള്ള വർക്കു കാണിച്ചു കൊടുക്കുക. ഇതാണ് ഇന്നു നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കടമ.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# ദൈവികപദ്ധതിയുടെ നീതിപാതകൾ

ഡോ. തോമസ് .പി

ഈശോയുടെ ജനനത്തിന്റെ സദ്‌വാർത്തയുടെ മുമ്പിൽ മനക്കലക്കത്തിലേക്കും മനചാഞ്ചല്യത്തിലേക്കും വഴുതിവീണ നീതിമാനായ യൗസേപ്പിന്റെ ദൈവോന്മുഖതയുടെ വ്യത്യസ്തഭാവങ്ങൾ ഇഴപിരിക്കപ്പെടുന്നു സുവിശേഷഭാഗത്ത്. മറിയവും യൗസേപ്പും വിവാഹനിശ്ചയം കഴിഞ്ഞവരായിരുന്നു. വിവാഹനിശ്ചയം കഴിഞ്ഞാൽ നിയമാധിഷ്ഠിതമായ സാധുത ലഭിച്ചുകഴിഞ്ഞു പ്രതിശ്രുതവധൂവരന്മാർക്ക്. വേർപിരിയലിന്റെ സാദ്ധ്യത പിന്നീട് ഉണ്ടായിരിക്കില്ല; വേണമെങ്കിൽ എല്ലാം നിയമാധിഷ്ഠിതമായി പൂർത്തിയാക്കണം. വിവാഹനിശ്ചയത്തിന് നൈയാമികമായ സാധുത അംഗീകരിക്കപ്പെട്ടിരുന്നു. വിവാഹ ഉടമ്പടി പോലെയുള്ള നിയമദൃഢത നിശ്ചയത്തിനുമുണ്ട്. യൗസേപ്പിനെ അണിയിച്ചിരിക്കുന്ന വിശേഷണമാണ് നീതിമാൻ എന്ന പ്രകീർത്തനം. വ്യക്തികൾക്കും സംഭവങ്ങൾക്കും അർഹമായ പരിഗണനയും അംഗീകാരവും നല്കുന്നത് നീതിനിഷ്ഠന്റെ പ്രത്യേകതയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്റെ ജീവിതസഖിയിൽ നിറവേറിയിരിക്കുന്നു എന്നത് യൗസേപ്പിന്റെ അനുഭവമാണ്. അനുഭവത്തിന്റെയും ജീവിതസഖിയുടെയും നന്മയെ മാത്രം ഉള്ളിൽ കരുതി മറ്റെല്ലാം തന്റെ ജീവിതഭാഗധേയമായി സ്വീകരിക്കാനാവുന്ന ഉൾക്കാമ്പ് യൗസേപ്പിന്റെ നീതിനിഷ്ഠ തയുടെയാണ്. ആരെയും അപമാനിതനാക്കില്ല നീതിമാൻ. സമൂഹമദ്ധ്യത്തിൽ വ്യക്തികൾക്ക് തല ഉയർത്തിപ്പിടിക്കാനാവുന്ന പരിതോവസ്ഥയുടെ സൃഷ്ടിയാണ് നീതിമാന്റെ ജീവിതലക്ഷ്യം. തലതാഴ്ത്തിക്കാൻ മറ്റുള്ളവരുടെ മേൽ ഉരുണ്ടുകയറുന്ന പ്രവണതയാണ് നമ്മുടെ നാളുകൾക്കും ജീവിതങ്ങൾക്കുമുള്ളത്. അപരൻ കൊമ്പുകുത്തുന്നതു കാണാനാണ് എല്ലാവർക്കും ആഗ്രഹം. എന്നാൽ യൗസേപ്പ് മറിയത്തെ അപമാനിതയാക്കാൻ ആഗ്രഹിച്ചില്ല. അവളുടെ സത്കീർത്തി കാത്തുസൂക്ഷിക്കാനാവുന്ന ജീവിതനിലപാടു സ്വീകരിക്കാനുള്ള ആലോചനകളിലാണ്യൗസേപ്പ്. അപമാനിതയാകാൻ മറിയത്തെ അനുവദിച്ചാൽ സ്വാഭാവികമായി മരണമാണ് അവളുടെ മേലുള്ള വിധി. കല്ലെറിയപ്പെടാനും

വധിക്കപ്പെടാനുമുള്ള സാദ്ധ്യതയാണ് യൗസേപ്പിന്റെ തിരസ്കരണം വച്ചുനീട്ടുന്നതെന്ന വിവേകത്തിന്റെ നിനവിലായിരുന്നു ആ മനസ്സ്. അപമാനത്തിനും മരണത്തിനും പ്രിയപ്പെട്ടവളെ വിട്ടുകൊടുക്കില്ലെന്ന വികാരമാണ് യൗസേപ്പിനെ ഭരിച്ചത്. 'പരജീവിതങ്ങൾ അപമാനിതമാകരുത് നമ്മുടെ ജീവിതസാഹചര്യങ്ങളിലും'. മരണത്തിന്റെ കരാളഹസ്തങ്ങൾക്കുള്ള ബലിയാകരുത് അന്യനോടുള്ള നമ്മുടെ വൈമുഖ്യങ്ങൾ. ആഭിമുഖ്യത്തിന്റെയും ആദരവിന്റെയും നീതിപാഠങ്ങൾ അന്യമാകരുത് ഒരിക്കലും ഒരിടത്തും നമ്മളിൽ.

വിവേകവഴികൾ തേടുന്നവനുവേണ്ടി ദൈവദൂതനും ദൈവവും കർമ്മനിരതരാകുന്ന സയുക്തമായ ചിന്തകളുടെ മണ്ഡലത്തിലായിരിക്കുവാൻ യൗസേപ്പിനെ സഹായിക്കുകയും കാര്യത്തിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. വരാനിരിക്കുന്ന നന്മയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നീതിമാനെ സ്ഥിതപ്രജ്ഞനാക്കുന്നു. വ്യക്തിജീവിതങ്ങളിൽ നിഴലിട്ടിരിക്കുന്ന നന്മയുടെ സ്രോതസ്സിലേക്കാണ് അവന്റെ ചിന്തകൾ ഉറപ്പിച്ചത്. മറിയത്തിൽ സംഭവിച്ചിരിക്കുന്ന ദൈവിക പ്രവർത്തനത്തിന്റെ നന്മ ലോകത്തിന്റെ രക്ഷയാണെന്ന അറിവിൽ പൂർവ്വതീരുമാനങ്ങളെ ത്യജിക്കാൻ യൗസേപ്പിനെ പ്രേരിപ്പിച്ചു. അവളോടൊത്തു ജീവിക്കാൻ, അവൾക്കായി ജീവിക്കാൻ, അവളിൽ ഉരുവായ ദൈവപുത്രനായി ജീവിക്കാൻ യൗസേപ്പ് സന്നദ്ധനായി. നീതിമാന്റെ വഴികൾ ദൈവികപദ്ധതിയോട് സമ്മതം ചൊല്ലുന്നതാണ്. നൈയാമികതയും സാധാരണതയും അസാധാരണമായതിലേക്ക് വഴിമാറുകയാണ് നീതിമാനിൽ. നീതിമാന്റെ വഴികൾ ദൈവവഴികളാണ്. പലവഴികളിൽ ദൈവവഴിയിൽ ചരിക്കുകയാണ് അവന്റെ ആനന്ദം.യൗസേപ്പിനും ജനിക്കാനിരിക്കുന്ന ശിശുവിന്റെ നാമം വ്യക്തമാക്കുന്നു. ഈശോയുടെ നാമവും ജനനത്തിനു മുമ്പേ നല്കപ്പെട്ടതാണ്. നല്കപ്പെട്ടതിനെ പൂർത്തിയാക്കുവാനുള്ള കടമയാണ് യൗസേപ്പിനും മറിയത്തിനുമുള്ളത്. ഇസ്മായേൽ, ഇസഹാക്ക്, സോളമൻ, ജോസിയാ, സൈറസ്, യോഹന്നാൻ മാംദാന, ഈശോ എന്നീ നാമങ്ങളാണ് ബൈബിളിലെ മുൻകൂർ വിളിക്കപ്പെട്ട പേരുകൾ. പുതിയനിയമത്തിൽത്തന്നെ 979 പ്രാവശ്യം ഈശോ എന്ന നാമം പ്രത്യക്ഷപ്പെടുന്നുണ്ട്. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചപ്പോൾ ഈ ലോകത്ത് അവൻ അറിയപ്പെട്ടത് ഈ നാമത്തിലാണ്. ദൈവപുത്രന്റെ ഭൗമികനാമം; ദൈവദത്തമായ നാമം. രക്ഷകൻ എന്നർത്ഥമുള്ള ഈ പദം അവിടുത്തെ മനുഷ്യാവതാരദൗത്യത്തിലേക്കും മനുഷ്യരക്ഷയുടെ അതിപാവനരഹസ്യങ്ങളിലേക്കും നയിക്കുന്നു.

അവൻ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് വിമോചിപ്പിക്കും (1:21). വിമോചനം രക്ഷയുടെ കടന്നുവരവിന്റെ ഫലമാണ്. ഫലപൂർണ്ണമായ അവതാരവും അതിന്റെ പരിണാമവും നിഴലിട്ടിരിക്കുന്നു ഈശോ എന്ന നാമത്തിൽ. 94 പ്രാവശ്യം പുതിയനിയമത്തിൽ

ഉപയോഗിക്ക പ്പെട്ടിരിക്കുന്ന രക്ഷ-വിമോചനം രക്ഷയുടെ വിവിധ ചാലുകൾ ദർശിതമാക്കുന്നു. പാപത്തിൽ നിന്ന് മോചിക്കുക വഴി മനുഷ്യകുലം തിന്മയുടെ കെട്ടുപാടുകളിൽ നിന്ന് സ്വതന്ത്രരാകുന്നു. അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും, രോഗബാധിതർക്കു സൗഖ്യവും. കർത്താവിന്റെ വത്സരത്തിന്റെ സ്വീകാര്യതയുടെ കർത്താവുമായ അവിടുന്ന് തീരുമെന്നുള്ള പ്രവാചക വചസ്സുകളും പൂർത്തീകരണമായിരുന്നു അവിടുത്തെ ആഗമനം. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രദാനം ചെയ്യുന്ന പരിപൂർണ്ണവിമോചനത്തിന്റെ സാന്നിദ്ധ്യമാണവിടുന്ന് (ഏശയ്യ61:1-2).വിമോചനത്തിന്റെ അനന്തസാദ്ധ്യതകളാണവിടുന്ന് ഏറ്റെടുത്തത്. പാപത്തിൽ നിന്നുള്ള മോചനം അപകടങ്ങളിൽ രക്ഷ, ആത്മീയസംഘർഷങ്ങളിൽ മുക്തി രോഗങ്ങളിൽ നിന്ന് വിടുതൽ, നരകത്തിൽ നിന്നുള്ള രക്ഷ, അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യപ്രാപ്തി എന്നിങ്ങനെ ഏറെ വിശാലതയുള്ള കർമ്മസഞ്ചയങ്ങളുടെ ആരോപിതപാദമാണ് വിമോചനം. നീതിമാൻ ആലോചനകളുടെ ഭാരത്തിൽ നിന്ന് ഉണർവ്വിന്റെ ഉത്സവത്തിലേക്ക് ചുവടുറപ്പിക്കുന്നു. ദൈവദൂതവചനങ്ങൾ അവനെ ഉണർത്തി. നിദ്രവിട്ടവൻ കർത്താവിന്റെ ദൂതൻ നിർദ്ദേശിച്ചതുപോലെ ഭാര്യയെ സ്വീകരിച്ചു. സ്വീകാര്യതയുടെ വലിയലോകം തുറക്കാനുള്ള താക്കോൽ ദൈവദർശനങ്ങളിലുണ്ട്. ഉണർവ്വ് കർമ്മോത്സുകതയുടെ ഭാവമാണ് വിവക്ഷിക്കുന്നത്. ഒന്നുമൊന്നും അവഗണിക്കാനാവത്ത അവസ്ഥ. ചിന്തകളും മനസ്സും ശരീരവും ലക്ഷ്യത്തിനായി അർപ്പിച്ചിരിക്കുന്ന സ്ഥിതിയാണ് ഉണർവ്വ്. ഉണർവ്വിലാണ് ജീവിതനിയോഗങ്ങൾക്കും കർമ്മങ്ങൾക്കും പ്രസക്തിയും അർത്ഥവും ലഭിക്കുന്നത്. അതുവഴി രക്ഷയുടെ വിശുദ്ധപേടകവാഹകരുടെ നിരയിലേക്ക് മാറിനില്ക്കുകയാണ്. രക്ഷയുടെ നീർച്ചാലുകൾക്ക് സുഗമമായി പ്രവഹിക്കാനുള്ള ഭൗമികസാഹചര്യ മൊരുക്കുകയാണ് രക്ഷാപേടകവാഹകരുടെ കർമ്മം. കർമ്മധർമ്മാചരണത്തിൽ രക്ഷയുടെ പതാക പാറിക്കളിക്കുന്നുവെന്നതാണ് ജീവിതത്തിന്റെ ധന്യത.

വി. യൗസേപ്പിന്റെ നീതിഭാവം രക്ഷകാരമായിരുന്നു; മറിയത്തിനും അവതരിച്ച വചനത്തിനും. അവതീർണ്ണവചനം രക്ഷയെ സ്വന്തമാക്കിയത് ഈ ഭൗമികപിതാവിലൂടെയാണ്. ഉണർവ്വും ദൈവപക്ഷം ചേർന്ന് ആലോചനകളുമാണ് ആ ജീവിതത്തിന്റെ വ്യതിരിക്തതലങ്ങൾ; അപമാനമല്ല അഭിമാനമാണ് അവന്റെ നിയോഗങ്ങൾ.

# യഹോഷ്വാ - യശൂവാ

ഫാ. സെബാസ്ററ്യൻ കുറ്റിയാനിക്കൽ

ഈശോയുടെ പിറവിത്തിരുനാൾ ആചരിക്കുന്നതിന് ഏറ്റവും അടുത്ത ഞായറാഴ്ചയിൽ നാം എത്തിയിരിക്കുകയാണ്. വിശുദ്ധ യൗസേപ്പിനെ, ഈശോയെ സ്വീകരിക്കുന്നതിനായി ഒരുക്കുന്നതാണ് വി. മത്തായി അറിയിച്ച സുവിശേഷത്തിൽനിന്ന് ഇന്നു നാം ശ്രവിക്കുന്നത്. മംഗളവാർത്തക്കാലത്തെ രണ്ടാം ഞായറാഴ്ച മറിയത്തിന് നൽകിയ അസ്വാഭാവികമായ ഒരു മംഗളവാർത്തയും ആ അസ്വാഭാവികതയ്ക്കുള്ള ഉത്തരവുമാണ് നാം ശ്രവിച്ചതെങ്കിൽ, വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലൂടെ ഈശോയുടെ പിറവിയിലുള്ള അസ്വാഭാവികതയ്ക്കുള്ള ഉത്തരമാണ് വി. യൗസേപ്പിന് ദൈവം വെളിപ്പെടുത്തുന്നത്. പഴയനിയമത്തിൽ ഉത്പത്തി പുസ്തകത്തിൽ ദൈവഹിതമനുസരിച്ച്, ഭാര്യയെ തിരഞ്ഞെടുക്കുന്ന ഇസഹാക്കിനെയാണു കാണുന്നത്. അതുപോലെതന്നെ ദൈവഹിതമനുസരിച്ചു യൗസേപ്പ് മറിയത്തെ സ്വീകരിക്കുന്നതു സുവിശേഷത്തിൽ നാം കാണുന്നു. സാമുവലിന്റെ ജനനത്തിലേക്കു നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുകൾ മൂലമുള്ള മറ്റൊരു ജനനത്തെയാണ് അനുസ്മരിക്കുന്നത്. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുകൾ അനുഭവിച്ച ജനം, ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ അറിഞ്ഞ ജനം ദൈവത്തിന്റെ ഹിതം മനസ്സിലാക്കി ഈശോമിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ടു ജീവിക്കുവാൻ (എഫേ. 5,20) ലേഖനത്തിലൂടെ വി. പൗലോസ് ശ്ലീഹ അനുസ്മരിപ്പിക്കുന്നു.

വിശുദ്ധഗ്രന്ഥത്തിൽ ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുകൾ മൂലമുള്ള ധാരാളം വ്യക്തികളുടെ ജനനത്തെക്കുറിച്ചുള്ള വിവരണങ്ങൾ ഉണ്ട്. എന്നാൽ ഈശോയുടെ ജനനം അതിൽ നിന്നെല്ലാം വ്യത്യസ്തമാണെന്നു വിശുദ്ധ യൗസേപ്പിനു മാലാഖ നൽകുന്ന സന്ദേശത്തിലൂടെ വിശുദ്ധ ഗ്രന്ഥകാരൻ നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷം 1:18–25 വരെയുമുള്ള വചനങ്ങളാണ് ഇന്നു നാം വായിച്ചു കേട്ടത്. ഇതിനുമുമ്പുള്ള വചനങ്ങളുമായി (മത്തായി 1–17) ബന്ധപ്പെടുത്തി വേണം ഈ വചനഭാഗം വ്യാഖ്യാനിക്കുവാൻ. ഈശോമിശിഹായുടെ വംശാവലിയാണ് അവിടെ വിവരിക്കുന്നത്. പി.ഒ.സി യിൽ നിന്നുമുള്ള സുവിശേഷ മലയാളവിവർത്തനത്തിൽ ഈശോയുടെ വംശാവലി നാം കാണുന്നത് ‘‘ അബ്രാഹം ഇസഹാക്കിന്റെ പിതാവായിരുന്നു. ഇസഹാക്ക്

യാക്കോബിന്റെയും യാക്കോബ് യൂദായുടെയും സഹോദരന്മാരുടെയും പിതാവായിരുന്നു...' എന്നാണ്. ഗ്രീക്കു ഭാഷയുടെ കൃത്യമായ വിവർത്തനം നടത്തുകയാണെങ്കിൽ അബ്രാഹം ഇസഹാക്കിനെ ജനിപ്പിച്ചു. ഇസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു. യാക്കോബ് യൂദായെയും സഹോദരന്മാരെയും ജനിപ്പിച്ചു... എന്നാണു വരേണ്ടത്. അങ്ങനെ വംശാവലി വിവരണത്തിൽ മുഴുവൻ, പിതാക്കന്മാർ മക്കളെ ജനിപ്പിച്ചു എന്നു വിവരിച്ചതിനുശേഷം ഈശോയുടെ കാര്യം പറയുമ്പോൾ അവൻ ജനിച്ചു എന്നാണു ഗ്രന്ഥകർത്താവ് എഴുതിയിരിക്കുന്നത്. ഈശോ മാത്രം 'ജനിച്ചു' എന്ന് എഴുതിക്കൊണ്ട് ഈശോയുടെ ജനനത്തിലുള്ള അസാധരണത്വം ഗ്രന്ഥകർത്താവ് വ്യക്തമാക്കുന്നു. അതിനുശേഷം യൗസേപ്പിനുണ്ടായ ദർശനം വിവരിച്ചുകൊണ്ട് ഈ അസാധാരണത്വം എപ്രകാരം സംഭവിച്ചുവെന്നു വ്യക്തമാക്കുകയും യൗസേപ്പിനെപ്പോലെ മറിയത്തെയും ഉണ്ണിയെയും സ്വീകരിക്കുവാൻ അനുവാചകരെ ഒരുക്കുകയുമാണു സുവിശേഷകൻ ഇന്നത്തെ വചനഭാഗത്തിലൂടെ ചെയ്യുന്നത്. മംഗളവാർത്ത ശ്രവിക്കുന്ന സമയത്തു മറിയത്തിനുണ്ടായിരുന്നതുപോലെ ജോസഫിനും ആശങ്കകളുടെ നിമിഷങ്ങളായിരുന്നു. പുരുഷനെ അറിയുന്നതിനു പദ്ധതിയില്ലാതിരുന്ന തനിക്ക് എങ്ങനെ കുഞ്ഞു ജനിക്കും, ജനിച്ചാൽ അതിനുള്ള പ്രതികരണം എപ്രകാരം ആയിരിക്കും എന്നാണ് മറിയത്തിന്റെ ആശങ്കയെങ്കിൽ, നിയമപരമായി തന്റെ ഭാര്യയായിരിക്കുന്നവൾക്ക് താൻ അറിയാതെ കുഞ്ഞു ജനിക്കുന്നതിന്റെ പരിണതഫലമായിരുന്നു യൗസേപ്പിനെ ആശങ്കപ്പെടുത്തിയത്. ആശങ്കകളിൽ അടിപതറാതെ അതിനെപ്പറ്റി ധ്യാനിക്കുന്ന മറിയത്തെയും യൗസേപ്പിനെയുമാണ് നാം കാണുന്നത്. അവർക്കു മാലാഖ ദർശനത്തിലൂടെ വെളിപ്പെടുത്തിയ ദൈവികരഹസ്യമാണ് ഇന്നു തിരുസഭ ധ്യാനിക്കുന്നത്.

വി. യൗസേപ്പിനോടു മാലാഖ പറയുന്നതു മറിയത്തിനു ജനിക്കുന്ന കുഞ്ഞിന് 'യശുവാ' എന്നു പേരു നൽകുവാനാണ്. കാരണം അവൾ ഗർഭം ധരിച്ചിരിക്കുന്നതു പരിശുദ്ധാത്മാവിനാലാണ്. 'യശുവാ' എന്നതു ഹീബ്രുപേരാണ്. സുറിയാനിഭാഷയിൽ ഈശോ എന്നും ഗ്രീക്ക് ഭാഷയിൽ യേശു എന്നും ഈ പേര് വിവർത്തനം ചെയ്തു. അത് അതേവിധത്തിൽ മലയാളത്തിലും ഉപയോഗിച്ചുവരുന്നു. യശുവാ എന്ന ഹീബ്രു പേരിനു സമാനമായി പഴയ നിയമത്തിൽ ഉപയോഗിച്ചിരുന്നത് 'യഹോഷ്വാ' എന്നായിരുന്നു. മോശയുടെ പിൻഗാമിയായി ഇസ്രായേൽജനത്തെ അടിമത്തത്തിൽനിന്നു രക്ഷയിലേക്കു നയിച്ചത് ഒരു യഹോഷ്വാ ആയിരുന്നു . അതാണ് ജോഷ്വാ എന്നു മലയാളത്തിൽ വിവർത്തനം ചെയ്തിരുന്നത്. ജോഷ്വാ (യഹോഷ്വാ) എന്ന പേരിന്റെ അർത്ഥം 'ദൈവം രക്ഷകനാകുന്നു' എന്നാണ്. ആ പേര് മറിയത്തിന്റെ മകനു നൽകുമ്പോൾ അത് യശുവാ

എന്നായി മാറി. യശുവാ എന്ന ഹീബ്രു പേരിന്റെ അർത്ഥം 'അവൻ രക്ഷിക്കും' എന്നാണ്. യഹോഷ്വാ, യശുവാ ആയി മാറുന്നതിലൂടെ വെളിപ്പെടുത്തുന്നതു, പഴയനിയമത്തിൽ രക്ഷ നൽകിയിരുന്ന യഹോവതന്നെയാണു മറിയത്തിനു പിറക്കുന്ന ശിശു എന്നാണ്. അതുകൊണ്ടാണു 'യഹോവ രക്ഷിക്കുന്നു' എന്ന പേര് 'അവൻ രക്ഷിക്കുന്നു' എന്നായി മാറുന്നത്. ശിശുവിന്റെ ദൗത്യമാണു യശുവാ എന്ന പേരിലൂടെ വെളിപ്പെടുത്തപ്പെട്ടത്. അതേസമയം അവൻ വിളിക്കപ്പെടുന്നത് ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്നാണ്. യശുവാ എന്ന പേര് ശിശുവിന്റെ ദൗത്യം വെളിപ്പെടുത്തുമ്പോൾ, ഇമ്മാനുവേൽ എന്നത് അവന്റെ സ്വഭാവമാണു വെളിപ്പെടുത്തുന്നത്. അതായത്, അവൻ ദൈവമാണ്. ദൈവത്തിന്റെ ദൗത്യം നിർവഹിക്കാൻ വന്നവൻ ഒരു മനുഷ്യവ്യക്തിയായി അവതരിച്ചപ്പോൾ യശുവാ എന്നു പേരു നൽകി. ആ മനുഷ്യൻ ദൈവമായിരുന്നതുകൊണ്ട് ഇമ്മാനുവേൽ എന്നു വിളിക്കപ്പെട്ടു. അങ്ങനെ മറിയത്തിനു പിറക്കാനിരിക്കുന്നവൻ ദൈവവും മനുഷ്യനുമാണെന്നു വചനം വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ മനുഷ്യാവതാരത്തിനു പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട ഉപകരണങ്ങളാണു യൗസേപ്പും മറിയവുമെല്ലാം. അവരുടെ സമ്മതത്തോടും സഹകരണത്തോടും കൂടിയാണു ദൈവം മനുഷ്യനായി അവതരിക്കുന്നത്. അങ്ങനെ രക്ഷാകരപദ്ധതിയിൽ മറിയത്തിനും യൗസേപ്പിനും യോഹന്നാനുമൊക്കെ പ്രത്യേക സ്ഥാനവും ഉത്തരവാദിത്വവും ഉളവായി. മിശിഹായുടെ രക്ഷാകരപദ്ധതിയുടെ തുടർച്ച ഇന്നു സഭയിലൂടെ നടക്കുന്നു. ഇന്നു സഭയിലൂടെ വീണ്ടും മിശിഹാ അവതരിക്കുന്നു.

# യൗസേപ്പ് ചിന്തിച്ചുകൊണ്ടിരുന്നു

ഫാ. തോമസ്സ് .

**മ**നുഷ്യാവതാര രഹസ്യത്തിന്റെ ദൈവികക്രമങ്ങളെ ജീവിതത്തോടു ചേർത്ത വി. യൗസേപ്പിന്റെ മനക്കലക്കവും നീതിനിഷ്ഠയും ഉദാരതയും ധ്യാനനിരതമാക്കുകയാണ് ഇന്നത്തെ സുവിശേഷം (മത്താ.1:18-24). ഔദാര്യത്തിന്റെ ഉറവയായിരുന്നു യൗസേപ്പ്. താൻ വിവാഹനിശ്ചയം ചെയ്തിരുന്നവൾ ഗർഭിണിയായി കാണപ്പെട്ടപ്പോൾ എന്തുചെയ്യും ചെയ്യണം എന്നുള്ള ആലോചനയിലായിരുന്നു അദ്ദേഹം. വിപരീതങ്ങൾ വന്നുഭവിച്ചിരിക്കുന്നു. അനുകൂലമല്ലാത്തതിനെ പ്രതിരോധിക്കാനുള്ള സ്വാഭാവിക പ്രവണതയെ ജയിക്കുവാൻ വിചാരം ആവശ്യമാണ്. പ്രാതികൂല്യങ്ങൾക്കുനടുവിൽ വൈകാരികമായ പ്രതികരണങ്ങൾക്കും എടുത്തുചാട്ടങ്ങൾക്കുമല്ല ആ നീതിമാൻ മുന്നിട്ടിറങ്ങുന്നത്. നീതിമാന്റെ വഴികൾ എപ്പോഴും നിരപ്പുള്ളതാണ്. വളഞ്ഞവഴികൾ അവന് അറിയില്ല. താഴ്വരകളും കുന്നുകളും അവനു സമാനമാണ്. അംഗീകൃതമായ വഴികളിൽ ആധികാരികതയോടെ നീങ്ങുവാനുള്ള സാദ്ധ്യതയാണ് അവൻ ആരായുന്നത്. ചിന്തയില്ലായ്മയാണ് നമ്മുടെ കാലത്തിന്റെ പൊതുപ്രവണത. ചിന്തിച്ചാലൊരു അന്തവുമില്ലെന്ന ചൊല്ല് നിയമകമാക്കി സൂക്ഷ്മമായ ആലോചനകളുടെ പരമസാദ്ധ്യത നമുക്ക് നഷ്ടപ്പെടരുത്; നഷ്ടപ്പെടുത്തരുത്. തീരുമാനങ്ങളിൽ വെളിപാടുപോലെ നിറഞ്ഞുനിൽക്കേണ്ട സത്യം ആർക്കും അപമാനം വരുത്തിത്തീർക്കരുതെന്നായിരിക്കണം.

നീതിമാൻ അപരന് അപമാനം ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നില്ല. നിയമത്തിന്റെ അംഗീകാരമുള്ള മോചനമാർഗ്ഗങ്ങൾ പലപ്പോഴും അപരന് അപമാനകാരിയാകും. പരജീവിതങ്ങളെ അപമാനി ക്കാനുള്ള തത്പരതയില്ലായ്മയാണ് നീതിമാന്റെ പ്രത്യേകത. മറിയത്തിന്റെ അപമാനത്തിൽ പങ്കുപറ്റാനുള്ള നിശ്ചയമാണ് യൗസേപ്പ് ദൈവദൂതവെളിപാടിലൂടെ സ്വീകരിക്കുന്നത്. മറിയത്തിന്റെയും യൗസേപ്പിന്റെയും നന്മകളിലാണ് രക്ഷകൻ വരുന്നത്. ദൈവം നമ്മോടുകൂടെ വസിക്കാൻ ഉപകരണമാവുന്ന ധർമ്മത്തിൽ വിട്ടുവീഴ്ചകൾക്കു തയ്യാറാകുകയാണ് യൗസേപ്പ്. രക്ഷ തടയപ്പെടാതിരിക്കാൻ ജീവിക്കുന്ന നാളുകളിൽ നാമും കരുതലുള്ളവരാകണം. നീതിനിഷ്ഠയുടെ ദാരിദ്ര്യം

രക്ഷയെയും രക്ഷകനെയും അകലത്തിലാക്കും. ദാസ്യഭാവത്തിന്റെ അഭാവം ദൈവം നമ്മുടെകൂടെ വസിക്കുന്നതിനെ തടയുന്നു. നിന്റെകൂടെ വസിക്കാൻ ദൈവത്തെ അനുവദിക്കുക. നീ ദൈവത്തിന്റെ കൂടെ വസിക്കുക. അങ്ങനെ നീയും എമ്മാനുവൽ ആകുക. 'മറ്റുള്ളവർ നമ്മെക്കാൾ നല്ലവരാണ് എന്നവിചാരം-എത്രമനോഹരമാണ്' (ഫ്രാൻസീസ്പാപ്പ). ആലോചനയുടെ വഴികളിൽ എത്തിച്ചേരുന്ന നിഗമനങ്ങളിൽ തിരുത്തലുകൾ ആവശ്യമാണ്. മറിയത്തെ ഉപേക്ഷിക്കുന്നതിനെക്കുറിച്ചുള്ള പദ്ധതികളിലാണ് സ്വപ്നത്തിൽ ദൈവദൂതവെളിപ്പെടുത്തൽ മാർഗ്ഗദർശിയായത്. തീരുമാനങ്ങളിൽ ഉറപ്പുവേണം എന്നാൽ പുനപരിശോധനകളും അവശ്യം. എല്ലാറ്റിലും ദൈവതിരുമനസ്സ് പ്രാധന്യേന വർത്തിക്കണം. ദൈവികപദ്ധതികളിൽ പങ്കുപറ്റുകയാണ് നമ്മുടെ ജീവിതനിയോഗം. ജീവിതസംഭവങ്ങളുടെ ഗതിവിഗതികളെല്ലാം നിനക്ക് സുജ്ഞാതമാകണമെന്നില്ല. അജ്ഞാതമായിരിക്കുന്ന ദൈവിക പദ്ധതിയുടെ വെളിപ്പെടുത്തലിൽ ജീവിതത്തിനർത്ഥം കാണണം നാം. തീരുമാനങ്ങൾക്കും പ്രയോഗക്ഷമമാക്കലിനുമിടയിൽ ദൈവികദൂതരുടെ ഇടപെടലിന് നാം അനുവദിക്കണം. ദൈവസ്വരത്തിന്റെ സ്വീകരണത്തിനായി കാതുകളെ തുറവിയിൽ കരുതണം. സ്വപ്നത്തിൽ വന്ന ദൂതൻ തിരുവചനങ്ങളെ വ്യാഖ്യാനിച്ചു പറഞ്ഞപ്പോൾ തന്റെ ജീവിതനിയോഗത്തിലേക്ക് പുതുവെളിച്ചം വീഴുകയായിരുന്നു.

ദൂതൻ കല്പിച്ചതുപോലെ ചെയ്യുന്നവനാണ് യൗസേപ്പ്. ആലോചനയിൽ ദൈവവഴികളും ദൈവവചനവും ദൂതൻ ഇഴപിരിച്ചുനല്കി. അവിടെ മനസ്സിന്റെ ചാഞ്ചല്യം നഷ്ടമായി യൗസേപ്പിന്. ഉറച്ചതീരുമാനങ്ങളിലെത്തി അദ്ദേഹം. വചനാനുസാരിയാകുവാൻ, ദൂതമൊഴികൾ പൂർത്തിയാക്കാൻ നിശ്ചയദാർഢ്യം വേണം. ദൈവഹിതത്തോടുള്ള തുറവിയും വിധേയത്വവും നിശ്ചയദാർഢ്യത്തിന്റേതാണ്. ദൈവത്തിനും ദൈവപുത്രനും പ്രഥമസ്ഥാനം നല്കുന്നതിന്റെ ഫലമാണീ കരളുറപ്പ്. ദൈവവചനപ്രഭയിൽ തീരുമാനങ്ങളെ നിരീക്ഷിക്കുന്നിടത്ത് ഉറപ്പുള്ള ജീവിതപദ്ധതികൾ ഉദയം ചെയ്യും. അവിടെ വ്യക്തി താത്പര്യങ്ങളുടെ മരണമാണ് സംഭവിക്കുന്നത്. അപരന്റെ നന്മയിലൂന്നുന്ന ആത്മാർപ്പണങ്ങളാവുകയാണു ശ്രേഷ്ഠം. അങ്ങനെ ദൈവികനീതി പ്രായോഗികമാവുന്നു. യൗസേപ്പിന്റെ നിനവുകൾ സൗമ്യതയിലുള്ള ആഴപ്പെടലായിരുന്നു. 'സൗമ്യനായിരിക്കുക എന്നാൽ മറ്റുള്ളവർക്ക് ഇടം നല്കുക എന്നാണർത്ഥം' (ഫ്രാൻസീസ് പാപ്പ, ഏപ്രിൽ ൭). ദൈവത്തിനും ദൈവവചനത്തിനും അപരർക്കും ഇടം കൊടുക്കുന്നിടത്തു മനക്കലക്കങ്ങൾ അകലുന്നു. നീതിമാൻമാർ ജനിക്കുന്നു. ജീവിതം സൗമ്യമാകുന്നു. സൗമ്യതയാൽ ലോകംനിറയുന്നു.സൗമ്യശീലന്റെ ജനനം വ്യക്തിജീവിതങ്ങളിൽ സംഭവിക്കട്ടെ. ദൈവത്തിനും മറ്റുള്ളവർക്കും ജീവിതവൃത്തങ്ങളിൽ ഇടം ഉണ്ടാകട്ടെ. നീതി പൂത്തുലയട്ടെ. മനക്കലക്കങ്ങൾ ദൂരിതമാകട്ടെ.